## പാഠം 5 ഏപ്രിൽ 22–28

# ദൈവത്തിനായി ജീവിക്കുന്നു

**ശബ്ബത്ത് സായാഹ്നം ഏപ്രിൽ 22**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**1 പത്രൊസ് 3:8–12; ഗലാത്യർ 2:20; 1 പത്രൊസ് 4:1,2; റോമർ 6:1–11; 2 ശമൂവേൽ 11:4; 1 പത്രൊസ് 4:3–11.**

**മനഃപാഠവാക്യം:– "കർത്താവിന്റെ കണ്ണു നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനയ്ക്കും തുറന്നിരിക്കുന്നു; എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്കു പ്രതികൂലമായിരിക്കുന്നു" (1 പത്രൊസ് 3:12).**

മനുഷ്യ പാപപ്രകൃതത്തിന്റെ യാഥാർത്ഥ്യം ബൈബിൾ എഴുത്തുകാർക്ക് അറിയാമായിരുന്നു. അവരെങ്ങനെ അറിയാതിരിക്കും? ലോകം മുഴുവൻ അതിന്റെ ദുർഗന്ധം വമിക്കുന്നു. കൂടാതെ അവർക്ക് അവരുടെ സ്വന്തം പാപത്തെക്കുറിച്ചും അറിയാമായിരുന്നു (1 തിമൊഥെയൊസ് 1:15 കാണുക). അതെത്ര ഗൗരവമുള്ളതായിരുന്നുവെന്നും അവർക്ക് അറിയാമായിരുന്നു; എന്തായാലും പാപത്തിന്റെ പ്രശ്നം പരിഹരിക്കുവാൻ യേശുക്രിസ്തുവിന്റെ ക്രൂശ് തന്നെ വേണ്ടിവന്നു. പാപത്തിന്റെ യാഥാർത്ഥ്യം അത്ര വ്യാപകവും ആഴത്തിലുള്ളതുമാണ്.

എന്നാൽ നമ്മുടെ ജീവിതങ്ങളെ മാറ്റുവാനും അവനിൽ നമ്മെ പുതിയ മനുഷ്യരാക്കി മാറ്റുവാനുമുള്ള ക്രിസ്തുവിന്റെ ശക്തിയെക്കുറിച്ചും ബൈബിൾ എഴുത്തുകാർക്ക് നല്ല ബോദ്ധ്യമുണ്ടായിരുന്നു.

ഈയാഴ്ചയിൽ, പത്രൊസ് ഇതേ പാതയിലാണ് തുടരുന്നത്; അവർ അവരെത്തന്നെ അവന് കൊടുക്കുകയും സ്നാനപ്പെടുകയും ചെയ്തു കഴിഞ്ഞാൽ ക്രിസ്തുവിൽ ക്രിസ്ത്യാനികൾക്കുണ്ടാകുന്ന പുതിയ ജീവൻ. വാസ്തവത്തിൽ ആ മാറ്റം അത്ര വലിയതാകകൊണ്ട് മറ്റുള്ളവർ അത് ശ്രദ്ധിക്കും. ഈ മാറ്റം എപ്പോഴും വളരെ എളുപ്പമായിരിക്കുമെന്ന് പത്രൊസ് പറയുന്നില്ല; നിശ്ചയമായും, ജഡത്തിൽ കഷ്ടം അനുഭവിക്കേണ്ട ആവശ്യകതയെക്കുറിച്ച് അവൻ പറയുന്നു (1 പത്രൊസ് 4:1). അങ്ങനെയെങ്കിൽ മാത്രമേ നമുക്ക് വാഗ്ദാനം ചെയ്യപ്പെട്ട വിജയം നമുക്ക് ലഭിക്കൂ.

ബൈബിളിൽ വ്യാപകമായിരിക്കുന്ന ഒരു കേന്ദ്ര ആശയം പത്രൊസ് തുടരുന്നു, യേശുവിലുള്ള ഒരു വിശ്വാസിയുടെ ജീവിതത്തിലെ സ്നേഹത്തിന്റെ യാഥാർത്ഥ്യം. "സ്നേഹം പാപത്തിന്റെ ബഹുത്വത്തെ മറയ്ക്കുന്നു" (1 പത്രൊസ് 4:8) എന്നവൻ എഴുതുന്നു. നാം സ്നേഹിക്കുമ്പോൾ, നാം ക്ഷമിക്കുമ്പോൾ യേശു നമുക്കുവേണ്ടി ചെയ്തിട്ടുള്ളതും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നതു നാം പ്രതിഫലിപ്പിക്കുകയാണ്.

**ഞായർ ഏപ്രിൽ 23**

### "ഒരുമനപ്പെട്ടിരിക്കുന്നു"

**1 പത്രൊസ് 3:8–12 വായിക്കുക. ക്രിസ്ത്യാനികൾ എങ്ങനെ ജീവിക്കണം എന്നതിനെക്കുറിച്ചുള്ള എന്ത് കാര്യമാണ് പത്രൊസ് ഇവിടെ പറയുന്നത്? 1**

**പത്രൊസ് 2:20,21 ൽ അവൻ നേരത്തെതന്നെ എഴുതിയ എന്തുകാര്യമാണ് അവൻ ആവർത്തിക്കുന്നത്?**

പത്രൊസ് ആരംഭിക്കുന്നത് അവർ ഏവരോടും "ഒരുമനപ്പെട്ടിരിക്കാൻ" ആവശ്യപ്പെട്ടുകൊണ്ടാണ്. ഏവരും ഒരുപോലെ ചിന്തിക്കുകയും, പ്രവർത്തിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന "സമാനത"യെക്കുറിച്ചല്ല അവൻ സംസാരിക്കുന്നത്. ഈ ആശയത്തിന്റെ ഏറ്റവും നല്ല ഉദാഹരണം 1 കൊരിന്ത്യർ 12:1-26 ൽ കാണപ്പെടുന്നു.

ഈ വാക്യങ്ങളിൽ, ശരീരം ഭാഗങ്ങളാൽ ഉണ്ടാക്കപ്പെട്ടതാണെന്ന് പൗലൊസ് ചൂണ്ടിക്കാട്ടുന്നു. കണ്ണുകളും കൈകളും ഒക്കെയുണ്ടെങ്കിലും, എല്ലാ ഭാഗങ്ങളും ഒരുമിച്ച് ചേരുമ്പോഴാണ് സമ്പൂർണ്ണ ശരീരം ഉണ്ടാകുന്നത്. ഇതുപോലെ തന്നെ, വ്യത്യസ്ത ആത്മീയദാനങ്ങളുള്ള വ്യക്തികളാൽ ഉണ്ടാക്കപ്പെട്ടതാണ് സഭ. എന്നാൽ എല്ലാ വിശ്വാസികളും ഓരോ ആത്മാവിനാലും ഉദ്ദേശ്യത്താലും ഒന്നായി ചേർക്കപ്പെട്ടിരിക്കുന്നു. ഒരു ഐക്യസമൂഹം രൂപപ്പെടുത്താൻ അവർ ഒത്തുചേർന്നു പ്രവർത്തിക്കുന്നു.

നിശ്ചയമായും, അപ്രകാരമുള്ള ഒരു ഐക്യം നേടിയെടുക്കാൻ എപ്പോഴും എളുപ്പമല്ല. സങ്കടകരമെന്നു പറയട്ടെ ക്രിസ്തീയ സഭയുടെ ചരിത്രം ഇതു മിക്കപ്പോഴും സത്യമാണെന്നു കാണിച്ചിട്ടുണ്ട്. അതിനാൽ അന്യോന്യം ഒത്തുപോകാതിരിക്കുന്നതിനെതിരെ പത്രൊസ് വിശ്വാസികളെ താക്കീത് ചെയ്യുന്നു. ഐക്യപ്പെട്ടിരിക്കുക എന്ന ക്രിസ്തീയ ആദർശം എങ്ങനെ കാണിക്കാം എന്ന് അവന്റെ വായനക്കാരോടു പറയുന്നു.

ഉദാഹരണത്തിന്, ക്രിസ്ത്യാനികൾ അനുകമ്പയോടെ പ്രവർത്തിക്കണം (1 പത്രൊസ് 3:8). അനുകമ്പ എന്നാൽ ഒരു ക്രിസ്ത്യാനി കഷ്ടപ്പെടുമ്പോൾ, മറ്റുള്ളവർ അവനോടോ അവളോടോ ചേർന്ന് കഷ്ടപ്പെടുന്നു; മറ്റൊരു ക്രിസ്ത്യാനി സന്തോഷിക്കുമ്പോൾ, മറ്റ് ക്രിസ്ത്യാനികൾ അവനോടൊ അവളോടൊ ചേർന്നു സന്തോഷിക്കുന്നു (1 കൊരിന്ത്യർ 12:26 മായി താരതമ്യം ചെയ്യുക). അനുകമ്പ മറ്റുള്ളവരുടെ കാഴ്ചപ്പാട് കാണുവാൻ നമ്മെ സഹായിക്കുന്നു, ഐക്യത്തിലേക്കുള്ള പാതയിലെ ഒരു പ്രധാന ചുവട് പിന്നീട് പത്രൊസ് പറയുന്നത് "നാം അന്യോന്യം സ്നേഹിക്കണം" (1 പത്രൊസ് 3:8) എന്നാണ്. അവന്റെ യഥാർത്ഥ ശിഷ്യന്മാരെ തിരിച്ചറിയാനാകുന്നത് അവർ അന്യോന്യം സ്നേഹിക്കുന്നു എന്നതുകൊണ്ടാണ് (യോഹന്നാൻ 13:35). ഇതിലുപരിയായി പത്രൊസ് പറയുന്നത് ക്രിസ്ത്യാനികൾക്ക് ഒരു മനസ്സലിവുള്ള ഹൃദയം ഉണ്ടായിരിക്കും (1 പത്രൊസ് 3:8). ഓരോരുത്തർക്കുമുള്ള വിഷമതകളിലും പരാജയങ്ങളിലും അവർക്ക് സഹാനുഭൂതി ഉണ്ടായിരിക്കും.

"സ്വയത്തെ ക്രൂശിക്കുക; മറ്റുള്ളവരെ നിങ്ങളെക്കാൾ മെച്ചപ്പെട്ടവരായി കണക്കാക്കുക. അങ്ങനെ നിങ്ങൾ ക്രിസ്തുവുമായി ഒന്നായിത്തീരും. സ്വർഗ്ഗീയ പ്രപഞ്ചത്തിനു മുമ്പിലും, സഭയ്ക്കും ലോകത്തിനും മുമ്പിലും, നിങ്ങൾ ദൈവത്തിന്റെ പുത്രീപുത്രന്മാരാണെന്നു തെറ്റിദ്ധരിക്കാനാവാത്ത തെളിവ് നിങ്ങൾ വഹിക്കും. നിങ്ങൾ കാണിക്കുന്ന മാതൃകയിൽ ദൈവം മഹത്വീകരിക്കപ്പെടും. EGW, Testimonies for the church, Vol. 9, p. 188

പത്രൊാസ് ഇവിടെ പറയുന്നത് എത്ര കൂടെക്കൂടെയാണ് നാം ചെയ്യുന്നത് പ്രത്യേകിച്ച് "ദോഷത്തിനു പകരം ദോഷം"(1 പത്രൊാസ് 3:9). ഈ വാക്കുകൾ പിന്തുടരുവാൻ സ്വയത്തിന് എപ്രകാരമുള്ള ഒരു മരണമാണു നാം അനുഭവിക്കേണ്ടത്? അപ്രകാരമുള്ള മരണം നമുക്ക് എങ്ങനെ ഉണ്ടാകും? (ഗലാത്യർ 2:20 കാണുക).

**തിങ്കൾ** **ഏപ്രിൽ 24**

## ജഡത്തിൽ കഷ്ടം സഹിക്കുക

**അതേ, യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു, രക്ഷയ്ക്കായുള്ള നമ്മുടെ പ്രത്യാശ അവനിൽ മാത്രമാണ് കണ്ടെത്തുന്നത്, അവന്റെ നീതിയിൽ, അത് നമ്മെ മൂടുകയും ദൈവദൃഷ്ടിയിൽ നീതിയുള്ളവരായി കണക്കാക്കപ്പെടുവാൻ കാരണമാവുകയും ചെയ്യുന്നു. യേശു കാരണം, നിങ്ങൾ "പാപം ചെയ്യാത്ത വിധം ദൈവമുമ്പാകെ സ്വീകരിക്കപ്പെടുന്നു"** EGW, Steps to christ p. 62.

എന്നാൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്ന ഒരു ഉച്ചാരണത്തിൽ അല്ലെങ്കിൽ ഒരു പ്രഖ്യാപനത്തിൽ മാത്രം ദൈവത്തിന്റെ കൃപ അവസാനിക്കുന്നില്ല. നമ്മുടെ പാപങ്ങളെ അതിജീവിക്കുവാനുള്ള ശക്തിയും കൂടി ദൈവം തരുന്നു.

1 പത്രൊാസ് 3:18-21; 4:1,2; റോമർ 6:1-11 എന്നിവ വായിക്കുക. കഷ്ടതയും പാപത്തിനു മേലുള്ള വിജയവും തമ്മിലുള്ള ബന്ധമെന്ത്?

യേശുവിന്റെ യാഗത്തിന്റെ വ്യാപകമായ പ്രകൃതം ഊന്നിപ്പറയുന്ന ഒരു ചെറിയ ഗ്രീക്ക് പദം 1 പത്രൊാസ് 3:18 ലുണ്ട്. ആ വാക്കാണ് ഹപാക്സ് (Hapax), ഇതിന്റെ അർത്ഥം "എന്നന്നേക്കുമായി" എന്നാണ്. നമുക്കുവേണ്ടിയുള്ള യേശുവിന്റെ മരണവും അവന്റെ കഷ്ടപ്പാടിന്റെ വ്യാപകമായ പ്രകൃതവും ഊന്നിപ്പറയുന്നതിനാണ് പത്രൊാസ് ഹപാക്സ് ഉപയോഗിക്കുന്നത്.

"അനുഭവിച്ചതുകൊണ്ട്"എന്ന് 1 പത്രൊാസ് 4:1 ൽ ഉപയോഗിച്ചിരിക്കുന്ന പദശകലം 1 പത്രൊാസ് 4:1,2 നെ1 പത്രൊാസ് 3:18-22 ൽ ഇപ്പോൾ പറഞ്ഞതുമായി ബന്ധിപ്പിക്കുന്നു. മുമ്പുള്ള ഈ വാക്യങ്ങളിൽ, നമ്മെ ദൈവത്തിങ്കലേക്ക് കൊണ്ടുവരേണ്ടതിനാണ് ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി കഷ്ടം സഹിച്ചതെന്നും (1 പത്രൊാസ് 3:18). "സ്നാനമോ...നമ്മെ രക്ഷിക്കുന്നു" (1 പത്രൊാസ് 3:21)എന്നും പത്രൊാസ് ചൂണ്ടിക്കാണിക്കുന്നു.

അങ്ങനെയെങ്കിൽ, സ്നാനമാണ് ഒരുപക്ഷെ പത്രൊാസിന്റെ വാക്കുകൾ മനസ്സിലാക്കുവാനുള്ള ഏറ്റവും നല്ല പശ്ചാത്തലം "ജഡത്തിൽ കഷ്ടമനുഭവിച്ചവൻ.... പാപം വിട്ടൊഴിഞ്ഞിരിക്കുന്നു" (1 പത്രൊാസ് 4:2) സ്നാനത്തിലൂടെ, ക്രിസ്ത്യാനി യേശുവിന്റെ കഷ്ടതയിലും, മരണത്തിലും, പുനരുത്ഥാനത്തിലും ഭാഗഭാക്കാകുന്നു. ക്രിസ്ത്യാനി ഒരു തിരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ട് "ദൈവത്തിന്റെ ഇഷ്ടത്തിനത്രേ ജീവിക്കേണ്ടതിനു പാപം വിട്ടൊഴിഞ്ഞിരിക്കുന്നു"(1 പത്രൊാസ് 4:2). ഇത് നേടിയെടുക്കുവാൻ കഴിയുന്നത് ദിനംപ്രതിയുള്ള സ്വയം സമർപ്പണത്തിലൂടെയും "ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ"ക്രൂശിക്കുകയും ചെയ്യുമ്പോഴാണ് (ഗലാത്യർ 5:24).

റോമർ 6:1-11 ൽ, പൗലൊസ് പറയുന്നത് സ്നാനസമയത്ത് ക്രിസ്ത്യാനികൾ യേശുവുമായി അവന്റെ മരണത്തിലും പുനരുത്ഥാനത്തിലും ഐക്യപ്പെടുന്നുവെ

ന്നാണ്. സ്നാനത്തിൽ നാം പാപത്തിനു മരിച്ചു. ഇനിയിപ്പോൾ നാം ആ പാപത്തിനുള്ള മരണത്തെ നമ്മുടെ ജീവിതങ്ങളിൽ യാഥാർത്ഥ്യമാക്കണം. പൗലൊസിന്റെ വാക്കുകൾ "അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ" (റോമർ 6:11) ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ രഹസ്യം നൽകുന്നു.

**പാപത്തിനെതിരേ പോരാടുവാനായി എപ്പോഴാണ് നിങ്ങൾ അവസാനമായി "ജഡത്തിൽ കഷ്ടമനുഭവിച്ചത്? നിങ്ങളുടെ ക്രിസ്തീയ ജീവിതത്തെക്കുറിച്ച് നിങ്ങളുടെ ഉത്തരം നിങ്ങളോട് എന്തു പറയുന്നു?**

**ചൊവ്വ** **ഏപ്രിൽ 25**

## ക്രിസ്തുവിൽ, നമുക്കൊരു പുതിയ ജീവിതമുണ്ട്.

## ഒരു പുതിയ തുടക്കം.

നാം വീണ്ടും ജനിച്ചിരിക്കുന്നു. ഇതിനെന്തെങ്കിലും അർത്ഥമുണ്ടെങ്കിൽ, പ്രത്യേകിച്ച് കുട്ടിക്കാലം കഴിഞ്ഞ് ക്രിസ്തുവിനെ സ്വീകരിച്ചവർ, അതിനർത്ഥം അവർ മുമ്പു ജീവിച്ചതിൽനിന്ന് വ്യത്യസ്തമായി പിന്നീട് ജീവിക്കുമെന്നാണ്. അങ്ങനെ ചെയ്തവരുടെ അവിശ്വസനീയമായ കഥകൾ കേൾക്കാത്തവരാണ്, ലോകത്തിൽ ആയിരുന്നെങ്കിലും, യേശുവിന്റെയും അവന്റെ രക്ഷാകരമായ കൃപയിലും സമൂലമായ മാറ്റം അനുഭവിച്ചവർ? നിശ്ചയമായും, സ്വയത്തോടുള്ള മരണത്തെക്കുറിച്ചും യേശുവിലുള്ള പുതു ജീവിതത്തെക്കുറിച്ചും (അവന്റെ പുനരുത്ഥാനത്തിലും മരണത്തിലും സ്നാനത്തിലൂടെ പങ്കാളിയായശേഷം) സംസാരിച്ചശേഷം ഒരുവൻ അനുഭവിക്കുന്ന തരത്തിലുള്ള മാറ്റത്തെക്കുറിച്ച് സംസാരിക്കുന്നു.

**1 പത്രൊസ് 4:3-6 വായിക്കുക. എന്ത് മാറ്റങ്ങളാണ് ഒരു വ്യക്തിയുടെ ജീവിതത്തിൽ ഉണ്ടാകുക? ആ മാറ്റങ്ങളോട് മറ്റുള്ളവർ എങ്ങനെ പ്രതികരിക്കും?**

മദ്യപാനവുമായി ബന്ധപ്പെടുത്തി പത്രൊസ് ഉപയോഗിക്കുന്ന വാക്കുകൾ വീഞ്ഞ് അധികമായാൽ, അമിത മദ്യപാനം, കുടിച്ചു മദിക്കുക, സദ്യ, കുടിച്ചു കൂത്താടുക മുതലായവയാണ്. ആധുനിക പദശകലങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ കുടിച്ചു മത്തനായുള്ള കാലം കഴിഞ്ഞു. വാസ്തവത്തിൽ പത്രൊസിന്റെ അഭിപ്രായത്തിൽ ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലുണ്ടാകുന്ന മാറ്റം അത്ര വലിയതാക കൊണ്ട് അവന്റെയോ അവളുടെയോ മുൻകാല ജീവിതം അറിയാവുന്നവർ അവനോ അവളോ ഇപ്പോൾ ഈ ബാലിശവും വിനാശകരവുമായ സുഖങ്ങളിൽ മുഴുകുന്നില്ല എന്ന് കാണുമ്പോൾ "ഇത് വിചിത്രമെന്ന് ചിന്തിക്കും" (1 പത്രൊസ് 4:4). അപ്രകാരം പ്രസംഗിക്കാതെ തന്നെ അവിശ്വാസികളോട് സാക്ഷീകരിക്കുവാനുള്ള ഒരവസരം നമുക്കിവിടെ കാണുവാൻ കഴിയും. ഒരു ദൈവികമായ ക്രിസ്തീയജീവിതം ലോകത്തിലുള്ള സകല പ്രസംഗങ്ങളെക്കാളും ഉത്തമമായ ഒരു സാക്ഷ്യമാണ്.

**ന്യായവിധിയെക്കുറിച്ച് ഈ വാക്യങ്ങളിൽ പത്രൊസ് എന്താണ് പറയുന്നത്?**

ഇവിടെ, ബൈബിളിലെ മറ്റിടങ്ങളിലെപ്പോലെ (യോഹന്നാൻ 5:29, 2 കൊരിന്ത്യർ 5:10, എബ്രായർ 9:27) "ജഡത്തിൽ" (1 പത്രൊസ് 4:2) ചെയ്ത പ്രവർത്തികൾക്ക് ഒരുനാൾ ഒരു ന്യായവിധിയുണ്ടാകുമെന്ന് പത്രൊസ് വ്യക്തമാക്കുന്നു. "മരിച്ചവ

രോടും” (1 പത്രൊസ് 4:6) സുവിശേഷം അറിയിച്ചത് എന്ന് അവൻ പറയുമ്പോൾ, അവൻ പറയുന്നത്, മുൻകാലങ്ങളിൽ, ഇപ്പോൾ മരിച്ചിരിക്കുന്നവർക്ക്, അവർ ജീവിച്ചിരുന്നപ്പോൾ, ദൈവത്തിന്റെ രക്ഷാകരമായ കൃപ അറിയുവാനുള്ള ഒരവസരം ഉണ്ടായിരുന്നുവെന്നാണ്. അങ്ങനെ, ദൈവത്തിന് അവരെയും ന്യായമായി വിധിക്കാം.

**ഇപ്പോൾ യേശുവിൽ ഒരു വിശ്വാസിയെന്ന നിലയിൽ, നിങ്ങൾ അവനിൽ വിശ്വസിക്കാതിരുന്നപ്പോൾ ജീവിച്ചതിൽനിന്ന് എത്ര വ്യത്യസ്തമായിട്ടാണ് നിങ്ങൾ ഇപ്പോൾ ജീവിക്കുന്നത്? എന്ത് വ്യത്യാസമാണ് യേശു നിങ്ങളുടെ ജീവിതത്തിൽ കൊണ്ടു വന്നത്?**

**ബുധൻ** **ഏപ്രിൽ 26**

## ജഡത്തിന്റെ പാപങ്ങൾ

**മനുഷ്യൻ മുൻപു ചെയ്ത തെറ്റുകളും യേശുവിൽ വിശ്വാസികളായ ശേഷം നിർത്തിയ തെറ്റുകളും പട്ടികയാക്കിയിട്ട്, പത്രൊസ് “ലൈംഗിക പാപങ്ങൾ” എന്നൊരു പട്ടികകൂടെ ഉണ്ടാക്കുന്നു. 1 പത്രൊസ് 4:3 വീണ്ടും വായിക്കുക. മറ്റ് എന്താണ് പത്രൊസ് പട്ടികയാക്കുന്നത്?**

രണ്ട് വാക്കുകൾക്കു വ്യക്തമായ ലൈംഗിക അർത്ഥമുണ്ട്: വെറിക്കൂത്ത്, കാമാർത്തി (aselgia എന്നതിന്റെ അർത്ഥം ഭോഗേച്ഛ) കൂടാതെ ദുർമോഹം (epithumia എന്നതിന്റെ അർത്ഥം“ദുർമോഹം”അല്ലെങ്കിൽ “ആഗ്രഹം”).

എന്നിട്ടുകൂടി, ലൈംഗികതയെക്കുറിച്ചു തെറ്റായ ധാരണ നൽകാൻ ക്രിസ്ത്യാനികൾക്കു വളരെ എളുപ്പമാണ്. ബൈബിൾ ലൈംഗികതയ്ക്ക് എതിരല്ല. അതിനു വിപരീതമായി, ദൈവമാണ് ലൈംഗികത സൃഷ്ടിച്ചത്. ഒരു വലിയ അനുഗ്രഹമാകാൻ മനുഷ്യരാശിക്ക് ലൈംഗികത ദൈവം നൽകുകയും ചെയ്തു. ആദിയിൽ, ഏദെനിൽ ലൈംഗികത ഉണ്ടായിരുന്നു. “അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും; അവർ ഏകദേഹമായിത്തീരും. മനുഷ്യനും ഭാര്യയും ഇരുവരും നഗ്നരായിരുന്നു; അവർക്കു നാണം തോന്നിയിരുന്നില്ലതാനും (ഉല്പത്തി 2:24,25). കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടുവരുവാനുള്ള ഒരു നല്ല പശ്ചാത്തല മൊരുക്കുന്ന ഒരു ആയുഷ്കാല ഉത്തരവാദിത്വത്തിൽ ഭാര്യയും ഭർത്താവും ഒന്നിക്കുന്നതിന്റെ പ്രധാന ചേരുവകളിലൊന്നാണ് ഇത്. ഈ അടുപ്പവും സ്വകാര്യതയും ദൈവം അവന്റെ ജനങ്ങളിൽനിന്ന് നേടുന്നതിന്റെ ഒരു പ്രതിഫലനമാണ് (യിരെമ്യാവ് 3; യെഹെസ്കേൽ 16; ഹോശേയ 1–3 കാണുക).

അതിന്റെ ശരിയായ ഇടത്തിൽ, വിവാഹിതരായ ഒരു സ്ത്രീയും പുരുഷനും തമ്മിൽ, ലൈംഗികത ഒരു പരമമായ അനുഗ്രഹമാണ്; തെറ്റായ ഇടത്ത്, തെറ്റായ പശ്ചാത്തലത്തിൽ, അതിന് ലോകത്തിലെ ഏറ്റവും വിനാശകരമായ ഒരു ശക്തിയാകാൻ കഴിയും. ഇപ്പോൾ ഇവിടെയുള്ള ഈ പാപങ്ങളുടെ കടുത്ത നാശം വിതയ്ക്കുന്ന പരിണതഫലങ്ങൾ മനുഷ്യ കണക്കുകൂട്ടലുകൾക്ക് അപ്പുറമാണ്. ഈ അതിശയകരമായ ദാനം ദുരുപയോഗം ചെയ്തതിലൂടെ നശിപ്പിക്കപ്പെട്ട ജീവിതത്തെക്കുറിച്ച് നമ്മുടെയിടയിൽ ആർക്കാണ് അറിയാത്തത്?

**തുടർന്നുള്ള വാക്യങ്ങളിൽ പൊതുവായുള്ളത് എന്താണ്? 2 ശമൂവേൽ 11:4; 1 കൊരിന്ത്യർ 5:1; ഉല്പത്തി 19:5; 1 കൊരിന്ത്യർ 10:8.**

ഈ പാപങ്ങൾ വരുത്തിവച്ചിട്ടുള്ള കഷ്ടപ്പാടും വേദനയും, വരുത്തിവച്ചിട്ടുള്ള കഥകൾ അറിയുവാൻ നിശ്ചയമായും ഒരുവന് ബൈബിളിന്റെ ആവശ്യമില്ല. എന്നിരുന്നാലും നാമും സൂക്ഷ്മതയുള്ളവരായിരിക്കണം. നിശ്ചയമായും ഈ തരത്തിലുള്ള പാപങ്ങൾക്ക് മനുഷ്യരുടെ മേൽ ശക്തമായ നിഷേധാത്മക ഫലങ്ങൾ ഉണ്ടാക്കാൻ കഴിയും. സമൂഹം അവരെ കാണുമ്പോൾ നെറ്റി ചുളിക്കുന്നു. എന്നാൽ പാപം പാപമാണ്, ക്രിസ്തുവിന്റെ മരണം ലൈംഗിക പാപങ്ങളെയും മൂടുന്നു. ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ, നിങ്ങൾ സൂക്ഷ്മതയുള്ളവരായിരിക്കണം. പ്രത്യേകിച്ച് പെട്ടെന്ന് മനസ്സിൽ തട്ടുന്ന ഈ മേഖലയിൽ, ഒരു കാര്യം നിങ്ങൾ ഉറപ്പാക്കുക. "അല്ല സ്വന്തം കണ്ണിലെ കോൽ നോക്കാതെ സഹോദരാ, നില്ക്കു; നിന്റെ കണ്ണിലെ കരടു എടുത്തുകളയട്ടെ എന്നു സഹോദരനോടു പറയാൻ നിനക്ക് എങ്ങനെ കഴിയും? (ലൂക്കൊസ് 6:42).

**വ്യാഴം** **ഏപ്രിൽ 27**

## സ്നേഹം സകലതിനെയും മറയ്ക്കുന്നു.

പത്രൊസിന്റെ കാലത്തുപോലും, നിലവിലുള്ള ലോകത്തിന്റെ അവസാനവും യേശുവിന്റെ വേഗത്തിലുള്ള തിരിച്ചുവരവും പ്രതീക്ഷിച്ചാണ് ക്രിസ്ത്യാനികൾ ജീവിച്ചത്. നമുക്കിത് അറിയാം കാരണം 1 പത്രൊസ് 4:7 ൽ അവൻ എഴുതുന്നു. "എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ." മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവസാനത്തിനായി ഒരുങ്ങിയിരിപ്പിൻ: കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ നമ്മെ സംബന്ധിച്ചിടത്തോളം, നാം മരിച്ച് ഒരു നിമിഷത്തിൽ കൂടില്ല ഈ "അന്ത്യം." നാം മരണത്തിലേക്ക് കണ്ണടച്ചാൽ പിന്നെ ആയിരക്കണക്കിന് വർഷങ്ങളോ ഏതാനും ദിവസങ്ങൾ മാത്രമോ ആയാലും നാം അടുത്തതായി അറിയുന്നത് യേശുവിന്റെ രണ്ടാംവരവും ലോകാന്ത്യവുമാണ്.

**പത്രൊസ് പറയുന്നപ്രകാരം "സകലത്തിന്റെയും അവസാനം" ആയിരിക്കയാൽ ക്രിസ്ത്യാനികൾ എങ്ങനെ ജീവിക്കണം?**

പ്രാർത്ഥനയിൽ ശ്രദ്ധാലുക്കളും ഗൗരവമുള്ളവരും ആയിരിക്കുന്നതിനു പുറമെ, ക്രിസ്ത്യാനികൾ "തമ്മിൽ സ്നേഹം ഉള്ളവരായിരിപ്പിൻ, സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു.

എന്താണ് അതിന്റെ അർത്ഥം? എങ്ങനെയാണ് സ്നേഹം പാപത്തെ മറയ്ക്കുന്നത്? ഒരു പ്രധാന കാര്യം പത്രൊസ് ഉദ്ധരിക്കുന്ന വാക്യത്തിൽ കാണുന്നു. സദൃ.വാ. 10:12 അതിങ്ങനെ വായിക്കുന്നു. "പക വഴക്കുകൾക്കു കാരണം ആകുന്നു; സ്നേഹമോ സകല ലംഘനങ്ങളെയും മൂടുന്നു" നാം അന്യോന്യം സ്നേഹിക്കുമ്പോൾ, നാം എളുപ്പത്തിലും അനായാസമായും നമ്മെ ബുദ്ധിമുട്ടിക്കുന്നവരോടും ഉപദ്രവിക്കുന്നവരോടും ക്ഷമിക്കുന്നു. നമ്മോട് ക്ഷമിക്കുവാൻ ക്രിസ്തുവിന്റെ സ്നേഹം അവനെ പ്രേരിപ്പിക്കുന്നു, നമ്മുടെ സ്നേഹം മറ്റുള്ളവരോട് ക്ഷമിക്കുവാൻ നമ്മെ നയിക്കണം.

സ്നേഹം അധികമായുള്ളിടത്ത്,ചെറിയ തെറ്റുകളും ചില വലിയ തെറ്റുകൾ പോലും വളരെ എളുപ്പത്തിൽ അവഗണിക്കുകയും മറക്കുകയും ചെയ്യപ്പെടുന്നു.

പത്രൊാസും പ്രകടിപ്പിച്ചത് യേശുവും പൗലൊസും പറഞ്ഞ അതേ ആശയമാണ്. അവർ പറയുന്നത് "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക. നിന്റെ ദൈവത്തെ പൂർണ്ണ ഹൃദയത്തോടെ... സ്നേഹിക്കുക. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും അടങ്ങിയിരിക്കുന്നു (മത്തായി 22:34-39, റോമർ 13:8-10).

ക്രിസ്ത്യാനികൾ ആതിഥ്യമര്യാദയുള്ളവരായിരിക്കണമെന്നും, പത്രൊാസ് ആഹ്വാനം ചെയ്യുന്നു. രണ്ടാംവരവ് അടുത്തിരിക്കാം, എന്നാൽ ആ കാരണത്താൽ ക്രിസ്ത്യാനികൾ സാമൂഹ്യബന്ധങ്ങളിൽനിന്നും പിൻവാങ്ങരുത്. ഒടുവിലായി ക്രിസ്ത്യാനികൾ സംസാരിക്കുമ്പോൾ, ദൈവവചനം സംസാരിക്കുന്നവരെപ്പോലെ സംസാരിക്കണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കാലത്തിന്റെ ഗൗരവം ആത്മീയ സത്യങ്ങളെക്കുറിച്ചുള്ള ഗൗരവതരമായ ആശയവിനിമയം ആവശ്യപ്പെടുന്നു.

**"സ്നേഹം പാപത്തിന്റെ ബഹുത്വത്തെ മറയ്ക്കുന്നു." നിങ്ങൾക്കെതിരെ ആരാണ് പാപം ചെയ്തത്? ആ പാപം മറക്കാൻ ആവശ്യമായ സ്നേഹം നിങ്ങൾക്കെങ്ങനെ വെളിപ്പെടുത്തും? അങ്ങനെ ചെയ്യുന്നത് നിങ്ങളുടെ തന്നെ നേട്ടത്തിന് എങ്ങനെ കാരണമാകും?**

**വെള്ളി** **ഏപ്രിൽ 28**

**കൂടുതൽ ചിന്ത:** ദയയും ദീർഘക്ഷമയുമുള്ള സ്നേഹം ഒരു ശ്രദ്ധയില്ലായ്മയെ ഒരു ക്ഷമിക്കാനാവാത്ത തെറ്റായി പെരുപ്പിച്ച് കാണുകയില്ല, മറ്റുള്ളവരുടെ പോരായ്മകളെ പർവ്വതീകരിച്ചു കാണുകയില്ല. കരുതലോടെയും, സഹിഷ്ണുതയോടെയും വേണം തെറ്റു ചെയ്യുന്നവരോടു പെരുമാറേണ്ടതെന്ന് തിരുവെഴുത്തുകൾ വ്യക്തമായി പഠിപ്പിക്കുന്നു. ശരിയായ പാത പിന്തുടരുകയാണെങ്കിൽ, സ്പഷ്ടമായ കഠിനഹൃദയത്തെ ക്രിസ്തുവിലേക്ക് നേടാനാകും യേശുവിന്റെ സ്നേഹം പാപത്തിന്റെ ബഹുത്വത്തെ മറയ്ക്കുന്നു. അവന്റെ കൃപ ഒരിക്കലും അതൊരു പ്രസാദാത്മകമായ ആവശ്യമല്ലെങ്കിൽ മറ്റൊരാളുടെ തെറ്റുകൾ തുറന്നു കാണിക്കുന്നതിലേക്കു നയിക്കില്ല. EGW, Coumsels to Perents, Teachers and Students,p.267. ഉദാഹരണത്തിന് വ്യഭിചാരത്തിൽ പിടിച്ച സ്ത്രീയെ യേശു എങ്ങനെ കൈകാര്യം ചെയ്തു എന്നു ചിന്തിക്കുക (യോഹന്നാൻ 8:1-11). നാം സാധാരണയായി ഈ കഥയെ വീഴ്ച ഭവിച്ച ഒരു സ്ത്രീയോടുള്ള ക്രിസ്തുവിന്റെ കൃപയായി നോക്കിക്കാണുന്നു അത് സത്യവുമാണ്. എന്നാൽ അതിലും ആഴത്തിലുള്ള ഒരു കാര്യമുണ്ട്. ആ സ്ത്രീയെ അവന്റെ അടുക്കലേക്ക് കൊണ്ടുവന്ന മതനേതാക്കന്മാരെ അവൻ അഭിമുഖീകരിച്ചപ്പോൾ, എന്തുകൊണ്ടാണ് യേശു അവരുടെ സ്വന്തം ജീവിതങ്ങളിലെ തെറ്റ് നിറഞ്ഞ രഹസ്യങ്ങൾ (EGW, The Desire of Ages, p. 461) വേഗം മായ്ച്ചുകളയാമായിരുന്ന മണ്ണിൽ എഴുതിയത്? എന്തുകൊണ്ടാണ് അവൻ അവരെ പരസ്യമായി കുറ്റപ്പെടുത്താതിരുന്നത്? ഒരുപക്ഷെ ആ സ്ത്രീയുടെ അവസ്ഥയെക്കാൾ അല്ലെങ്കിൽ അതിലും മോശമായ പാപികളാണ് അവർ എന്ന് തനിക്ക് അറിയാമെന്ന് എന്തുകൊണ്ട് സകലരുടെയും മുമ്പിൽ വെച്ച് പറഞ്ഞില്ല? പകരം കാപട്യവും പാപവും തനിക്കറിയാമെന്ന് അവൻ അവരെ കാണിച്ചു. മറ്റുള്ളവരുടെ മുമ്പിൽ തുറന്നു കാണിക്കുവാൻ ഉദ്ദേശിച്ചില്ല. ഒരുപക്ഷെ

ആ മനുഷ്യരിലേക്ക് ഇറങ്ങിച്ചെല്ലുവാനുള്ള യേശുവിന്റെ സ്വന്തം മാർഗമായിരുന്നിരിക്കണം ഇത്, അവരുടെ ഉദ്ദേശ്യങ്ങൾ അവനറിയാമെന്ന് കാണിക്കുകയും അവർക്ക് രക്ഷപ്പെടാൻ ഒരവസരം കൊടുക്കുകയുമായിരുന്നിരിക്കാം. പാപം ചെയ്തവരെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ നമുക്കായുള്ള എത്ര ശക്തമായ പാഠം.

**ചർച്ചാ ചോദ്യങ്ങൾ**

1. സമാനതയ്ക്കു വിപരീതമായി ഐക്യത്തിന്റെ ചോദ്യത്തെക്കുറിച്ച് കൂടുതൽ ധ്യാനിക്കുക. ഒരു സഭയെന്ന നിലയിൽ പ്രവർത്തിക്കുവാൻ ചിന്തയുടെ പൂർണ്ണ ഐക്യം പ്രാപിക്കേണ്ട ഏതെങ്കിലും മേഖലകളുണ്ടോ? അങ്ങനെയെങ്കിൽ, അവ എതാണ്? ഈ ആവശ്യമായ സമാനത നമുക്കെങ്ങനെ കൈവരിക്കാം? ഇതിനു വിപരീതമായി, ഏതെല്ലാം മേഖലകളിലാണ് അഭിപ്രായ വ്യത്യാസങ്ങൾ ദോഷകരമല്ലാതെ വാസ്തവത്തിൽ സഹായകരമാകുന്നത്?
2. പാപത്തിൽനിന്ന് വിട്ടുനിൽക്കാൻ "ജഡത്തിൽ കഷ്ടമനുഭവിക്കേണ്ട നിങ്ങളുടെ സ്വന്തം അനുഭവം എന്തായിരുന്നു? എന്താണതിനർത്ഥം? നമ്മെ മാറ്റാൻ കഴിയുന്ന ദൈവത്തിന്റെ ശക്തി നമ്മിലുണ്ട് എന്നതിനർത്ഥം നാം സ്വാഭാവികമായും വിജയത്തിനായി ജഡത്തിൽ കഷ്ടമനുഭവിക്കേണ്ട എന്നാണോ? അങ്ങനെയല്ലെങ്കിൽ എന്തുകൊണ്ട്?
3. അനേകം ജീവിതങ്ങളിൽ മദ്യം ഉണ്ടാക്കിയ നാശം ചുറ്റും നോക്കിക്കാണുക. ഈ ലഹരിയുടെ അപകടം കാണുന്നതിൽ ഒരു സഭയെന്ന നിലയിൽ നമുക്ക് എന്ത് ചെയ്യുവാൻ കഴിയും? അവർക്ക് അത്ര ഭയാനകമായ നാശം വരുത്തുന്ന വസ്തുവിനെ പരീക്ഷിക്കുന്നതുപോലും എത്ര തെറ്റാണെന്ന് യുവജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ നമുക്ക് എന്തു ചെയ്യാൻ കഴിയും?

✪ ✪ ✪ ✪